# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 227 08/02/2016-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളി ഭവന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ടി. എൻ. പ്രതാപൻ:<br>ശ്രീ. വി. പി. സജീന്ദ്രൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ചു നൽകാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി, മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും, മാനവശേഷി വികസനവും (2015-16) എന്നിവയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. |

| ക്രമ നം | പദ്ധതിയുടെ പേര് | അനുവദിച്ച എണ്ണം |
|---|---|---|
| 1 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - മാതൃകാ മത്സ്യ ഗ്രാമം യൂണിറ്റ് കോസ്റ്റ് 2.5 ലക്ഷം രൂപ (തെരഞ്ഞെടുത്ത 11 മത്സ്യ ഗ്രാമങ്ങൾ) | 2106 |
| 2 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - മറ്റ് മത്സ്യഗ്രാമങ്ങൾ - യൂണിറ്റ് കോസ്റ്റ് 2 ലക്ഷം രൂപ | 2867 |
| 3 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി 2012 - 13 | 800 |
| 4 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി 2013 - 14 | 800 |

| | | |
|---|---|---|
| 5 | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതി 2014 - 15 | 800 |
| 6 | സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2014 - 15 | 1800 |
| 7 | മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന വികസന സൗകര്യവും മാനവശേഷി വികസനവും 2015 - 16 | 4990 |
| | ആകെ | 14163 |

മേൽ പറഞ്ഞത് കൂടാതെ ഫിഷർമെൻ കോളനികളിൽ താമസിക്കുന്നതും എന്നാൽ താമസയോഗ്യമല്ലാത്തതുമായ ഭവനങ്ങളു ണ്ടായിരുന്ന 654 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടു നിർമ്മാണത്തിനായി 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിച്ചു. ഭൂരഹിതരും ഭവന രഹിതരുമായ തെരഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് താമസിക്കുന്നതിന് ഫ്ളാറ്റ് നിർമ്മിക്കാനായി 2014-15 സാമ്പത്തിക വർഷം 48.75 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി വലിയതുറയിൽ 32 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനു വേ ണ്ടിയുള്ള ഫ്ളാറ്റുകളിൽ 8 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ ഫ്ളാറ്റ് നിർമ്മിക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

ബി) സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിനു സ്വന്തമായി സുരക്ഷിത പാർപ്പിട സൗകര്യം ഒരുക്കി, സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് ടി പദ്ധതി വഴി സർക്കാർ ലക്ഷ്യമാക്കുന്നത്.

സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

സി) പദ്ധതി ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമാ യ ഫണ്ട് അതാത് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുന്നതിനും അതാത് വർഷം തന്നെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക ആവശ്യാനുസരണം യഥാസമയം അനുവദിച്ചു നൽകുകയും, പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിരീക്ഷണവും, നിർദ്ദേശങ്ങളും സർക്കാർ തലത്തിൽ

സ്വീകരിച്ചു വരുന്നുണ്ട്. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിനു സ്വന്തമായി സുരക്ഷിത പാർപ്പിട സൗകര്യം ഒരുക്കി, സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് ടി പദ്ധതി വഴി സർക്കാർ ലക്ഷ്യമാക്കുന്നത്.

**സെക്ഷൻ ആഫീസർ**